# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

19.03.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3798

## എം.പി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്കൂൾ വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എം.പി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേക്ക് വാങ്ങുന്ന വാഹനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) എം.പി./എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത്, ബസുകളുടെ ഡ്രൈവർമാരുടെ വേതനം, ആവർത്തന/പരിപാലന ചെലവുകൾ, ഇന്ധന ചെലവ് ഉൾപ്പെടെയുള്ളവ സർക്കാർ വഹിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടാണ്. എന്നിരുന്നാലും ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ചുരുക്കം ചില സ്കൂളുകളിലെ വാഹനത്തിന്റെ ഇൻഷ്വറൻസ്, മെയിന്റനൻസ് തുടങ്ങിയവ സംബന്ധിച്ച് ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) ഇത്തരത്തിൽ അനുവദിച്ച എത്ര വാഹനങ്ങൾ സാമ്പത്തിക പ്രയാസം കാരണം ഓടിക്കാൻ കഴിയാതെ നിർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) മലപ്പുറം ജില്ലയിലെ പാങ്ങ് ഗവ.ഹൈസ്കൂളിൽ സ്കൂൾ ബസിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണം കുറവായതിനാൽ സ്കൂൾ ബസ് ഇപ്പോൾ ഓടിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എം.പി., എം.എൽ.എ ഫണ്ടുകൾ അനുവദിച്ച് വാങ്ങുന്ന സ്ക്കൂൾ ബസ്സുകൾക്ക് റോഡ് ടാക്സ് ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ; | (സി) | ഇക്കാര്യം ഗതാഗത വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | സ്ക്കൂൾ ബസ്സ് ഡ്രൈവർമാർക്ക് ദിനബത്ത നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ | (ഡി) | സ്ക്കൂൾ ബസ്സ് ഡ്രൈവർമാരുടെ വേതനം സർക്കാർ വഹിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായാണ് എം.എൽ.എമാരുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുകൊണ്ട് സ്കൂൾ ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത്. ആയതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ